## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2853** **25-06-2024 - ൽ മറുപടിയ്ക്ക്**

## പിന്നോക്ക വിഭാഗങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക വിഭാഗങ്ങൾക്കായി എത്ര സ്റ്റാർട്ടപ്പുകൾ തുടങ്ങിയിട്ടുണ്ട്; ആയത് സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതിയാണ് സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ വായ്പാ പദ്ധതി. പ്രസ്തുത വായ്പയ്ക്ക് പരമാവധി 2 ലക്ഷം രൂപ വരെ സബ്സിഡി ആയി അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതി പ്രകാരം 151 ഗുണഭോക്താക്കൾക്ക് വായ്പ വിതരണം ചെയ്യുകയും, 45 പേർക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 മുതൽ എഞ്ചിനീയറിംഗ് ഡിഗ്രി കഴിഞ്ഞവർക്ക് സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിനുള്ള പദ്ധതിക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും ലക്ഷ്യവിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട് അപ്പ് വായ്പകൾ നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |
| (ബി) | പിന്നാക്ക വിഭാഗങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ച് എന്തൊക്കെ നിബന്ധനകൾ ആണ് ഉള്ളത്; വിശദമാക്കാമോ; | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പിന്നാക്ക വിഭാഗങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ച നിബന്ധനകളുടെ വിശദീകരണം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപറേഷൻ സ്റ്റാർട്ട് അപ്പ് വായ്പ പദ്ധതിയിൽ വായ്പ ലഭിക്കുന്നതിനുള്ള നിബന്ധനകൾ ചുവടെചേർക്കുന്നു.<br><br>1.അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തി ആയിരിക്കണം. |

| | | | |
|---|---|---|---|
| | | | 2.അപേക്ഷകൻ/അപേക്ഷക പ്രൊഫഷണൽ യോഗ്യത നേടിയ നാൽപതു വയസിൽ താഴെയുള്ള ആളായിരിക്കണം. (വിദ്യാഭ്യാസ യോഗ്യതയുമായി ബന്ധപ്പെട്ട മേഖലയിൽ നിയമാനുസൃതമായി സംരംഭം ആരംഭിക്കണം).<br>3. പദ്ധതി അടങ്കലിന്റെ 95% വരെ വായ്പ ലഭിക്കും. ബാക്കി തുക അപേക്ഷകൻ കണ്ടെത്തണം.<br>4.വായ്പകൾക്ക് ജാമ്യം ഹാജരാക്കേണ്ടതാണ്.<br>5.പരമാവധി വായ്പാ തുക : 30 ലക്ഷം രൂപ.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും പ്രൊഫഷണൽ ഡിഗ്രി / ഡിപ്ലോമയുള്ളവർക്ക് സ്വന്തമായി സംരംഭം ആരംഭിക്കുന്നതിനുള്ള “പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ് വായ്പ” പദ്ധതി പ്രകാരം പരമാവധി 5 ലക്ഷം രൂപ വസ്തു/ഉദ്യോഗസ്ഥ ജാമ്യത്തിന്മേൽ, വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 8% പലിശ നിരക്കിലാണ്അനുവദിക്കുന്നത്. 60 മാസ തവണകളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. |
| (സി) | സ്റ്റാർട്ട് അപ്പ് തുടങ്ങുന്നതിന് എന്തെങ്കിലും ആനുകൂല്യങ്ങൾ പ്രത്യേകമായി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ? | (സി) | പിന്നാക്ക വിഭാഗങ്ങൾക്ക് സ്റ്റാർട്ടപ്പ് തുടങ്ങുന്നതിനായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ഒ.ബി.സി. പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ എന്ന പദ്ധതിക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി അനുവദിച്ചു വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്റ്റാർട്ട് അപ്പ് സംരംഭം ആരംഭിക്കുന്നതിന് വായ്പ അനുവദിച്ചവർക്ക്, പിന്നാക്ക വിഭാഗ വികസന വകുപ്പ് നൽകുന്ന Back End സബ്സിഡിയായി, വായ്പാ തുകയുടെ 20% പരമാവധി 2 ലക്ഷം രൂപ ലഭിക്കും.<br><br>കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും സ്റ്റാർട്ടപ്പ് ആരംഭിക്കുന്നതിനായി വായ്പ പദ്ധതി നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പിന്നാക്ക വിഭാഗങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ച നിബന്ധനകളുടെ വിശദീകരണം ചുവടെ ചേർക്കുന്നു.

## 1. ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ ഘടകവും 2017-18 മുതൽ നടപ്പിലാക്കി വരുന്നതുമായ പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്വയംതൊഴിൽ ഗ്രാന്റ് എന്ന പദ്ധതി പ്രകാരം ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന അനുവദിക്കുകയും കൃത്യമായി വായ്പാ തിരിച്ചടവ് നടത്തുന്ന സംരംഭകർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) വരെ സബ്സിഡി നൽകുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതിയ്ക്കായി വായ്പയ്ക്കായുള്ള സംരംഭകരെ കണ്ടെത്തുന്നതും വായ്പ അനുവദിക്കുന്നതും ഫീൽഡ് പരിശോധന നടത്തുന്നതും കോർപ്പറേഷൻ മുഖേനയാണ്.

## 2. എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ

എഞ്ചിനീയറിംഗ് മേഖലയിൽ കഴിവു തെളിയിക്കുവാൻ ആഗ്രഹിക്കുന്ന പ്രൊഫഷണൽസിന് joint venture രീതിയിൽ സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി. സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ബിരുദ പഠനം പൂർത്തിയാക്കിയ 10 പേരടങ്ങുന്ന ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാണ് ധനസഹായം നൽകുന്നത് നടപ്പ് വർഷം മുതൽ നടപ്പാക്കുന്നു. 10 പേരടങ്ങുന്ന 25 ഗ്രൂപ്പുകൾക്ക് പരമാവധി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നു. ഓരോ ഗ്രൂപ്പിലും 80% പേർ ഒ.ബി.സി വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. 2024-25 സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി 2225-03-102-83 ബഡ്ജറ്റ് ശീർഷകത്തിൽ 250,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിജ്ഞാപനം ഉടനെ വകുപ്പ് മുഖേന പുറപ്പെടുവിക്കുന്നതാണ്.